യദാത്മകമിദം വിശ്വം ക്രതവശ്ച യദാത്മകാ:
അഗ്നിരാഹുതയോ മന്ത്രാ: സാംഖ്യം യോഗശ്ച യത്പര: **(10-74-20)**
ഏക ഏവാദ്വിതീയോ*f*സാവൈതദാത്മ്യമിദം ജഗത്
ആത്മനാ*ff*ത്മായശ്രയ: സഭ്യാ: സൃജത്യവതി ഹന്ത്യജ: **(10-74-21)**
സർവ്വഭൂതാത്മ ഭൂതായ കൃഷ്ണായാനന്യദർശിനേ
ദേയം ശാന്തായ പൂർണ്ണായ ദത്തസ്യാനന്ത്യമിച്ഛതാ **(10-74-24)**

*ശുകമുനി തുടർന്നു:*
അങ്ങിനെ ജരാസന്ധൻ ഇല്ലാതായതോടെ യുധിഷ്ഠിരൻ രാജസൂയത്തിനുള്ള തയ്യാറെടുപ്പാരംഭിച്ചു. മാമുനിമാരെയും ദിവ്യൻമാരെയും എണ്ണമറ്റ അതിഥികളെയും ക്ഷണിച്ചു വരുത്തി. ത്രിമൂർത്തികളും ദേവതകളും ദിവ്യയജ്ഞത്തിൽ സംബന്ധിച്ചു. അവരുടെ അനുഗ്രഹാശിസ്സുകളോടെ യാഗം സമാരംഭിച്ചു. ഒരു ദിവസം യാഗസംബന്ധിയായി ഏറ്റവും ഉചിതനായൊരു വ്യക്തിയെ തിരഞ്ഞെടുത്തു ബഹുമാനിക്കേണ്ട ഒരു ചടങ്ങുണ്ട്.

*സഹദേവൻ പറഞ്ഞു.*
എന്റെ അഭിപ്രായത്തിൽ ശ്രീകൃഷ്ണനൊഴികെ മറ്റാർക്കും ഇതിനർഹതയില്ല. അദ്ദേഹമാണ് എല്ലാറ്റിന്റെയും - ഈ വിശ്വത്തിന്റെയും രാജസൂയത്തിന്റെയും എല്ലാം- ആത്മസത്ത. അഗ്നിയും മന്ത്രങ്ങളും ജ്ഞാനവും യോഗവും എല്ലാം ആ ഭഗവാനെയാണല്ലോ ലക്ഷ്യമാക്കുന്നത്. അദ്ദേഹമാണ് വിശ്വാത്മാവ്. സൃഷ്ടി, സ്ഥിതി, സംഹാരങ്ങൾ അദ്ദേഹത്തിൽ നിന്നുൽഭവിച്ച് അദ്ദേഹത്താൽ അദ്ദേഹത്തിൽ സംഭവിക്കുന്നു. ഏതൊരുവൻ തന്റെ സമ്മാനം അനേകമടങ്ങ് വർദ്ധിക്കണമെന്നാഗ്രഹിക്കുന്നുവോ അവർ ശ്രീകൃഷ്ണനെ ബഹുമാനിക്കണം. ഭഗവാനെ ബഹുമാനിക്കുന്നതിലൂടെ നാമുൾപ്പടെ എല്ലാറ്റിനെയും ബഹുമാനിക്കുക തന്നെയാണു ചെയ്യുന്നത്.

*ശുകമുനി തുടർന്നു:*
ശിശുപാലനൊഴികെ എല്ലാവരും സഹദേവന്റെ അഭിപ്രായം ശരിവച്ചു. യുധിഷ്ഠിരൻ ശ്രീകൃഷ്ണനെ പൂജിക്കാൻ തീരുമാനിച്ചു. ശിശുപാലൻ പറഞ്ഞു. "കാലമാണ് യഥാർത്ഥത്തിൽ ഭഗവാനെന്നു പറയപ്പെടുന്നത്. നിങ്ങൾ ഇപ്പോൾ ചെയ്തതുപോലെ കാലത്തിന്റെ സ്വാധീനതക്കടിമപ്പെട്ട് വിവരവും വിവേകമുള്ളവർ പോലും തെറ്റായ തിരുമാനങ്ങളിലെത്തിച്ചേരുന്നു. ഈ സഭയിൽത്തന്നെ പഠിപ്പിലും വിവരത്തിലും മാന്യതയിലും ദിവ്യതയിലും ഉന്നതരായ എത്രയോ പേരുണ്ട്. എന്നിട്ട് ഈ കന്നുകാലി ചെക്കനെയാണോ ഉന്നതമായ സ്ഥാനത്തേക്ക് തിരഞ്ഞെടുക്കുന്നത്? അയാളാണെങ്കിൽ സാമൂഹികമായ ഒരു വ്യവസ്ഥയിലും ജീവിക്കുന്നയാളല്ല. എല്ലാ സൽസ്വഭാവക്രമങ്ങൾക്കും അതീതമായാണ് കൃഷ്ണന്റെ പെരുമാറ്റം. ശാസ്ത്രാധിഷ്ഠിതമായ നിബന്ധനകളോ സാമ്പ്രദായികമായ കാര്യങ്ങളൊ അയാൾ അനുഷ്ടിക്കുന്നില്ല. പ്രമാണാനുസരണം ഭഗവാനേയോ ഭഗവൽഭക്തരേയോ നിന്ദിക്കുന്നിടത്തുനിന്ന് ഉടനേത്തന്നെ ഓടിപ്പോകാത്തവർക്ക് നരകം സുനിശ്ചിതമത്രേ." ശിശുപാലന്റെ പുണ്യങ്ങൾ മുഴുവനും അവസാനിച്ചിരുന്നു. ബ്രാഹ്മണർ പലരും അവിടം വിട്ടുപോയി. പല രാജാക്കൻമാരും ശിശുപാലനെതിരേ തിരിയാൻ തുടങ്ങി. കൃഷ്ണൻ തന്റെ ചക്രം കൊണ്ട് ക്ഷണത്തിൽ ശിശുപാലന്റെ തലയറുത്ത് എല്ലാവരെയും ശാന്തരാക്കി. എല്ലാവരെയും അത്ഭുതചകിതരാക്കിക്കൊണ്ട് ഒരു ദിവ്യപ്രഭ ശിശുപാലന്റെ ശരീരത്തിൽ നിന്ന് കൃഷ്ണനിലേക്ക് പ്രവേശിച്ചു. ശിശുപാലൻ നിരന്തരം വിപരിതഭക്തിയിൽ മുഴുകി കൃഷ്ണനിൽ തന്നെ മനസ്സുറച്ചവനായിരുന്നുവല്ലോ. ഭഗവാൻ വിഷ്ണുവിന്റെ ദ്വാരപാലകരായിരുന്ന ജയവിജയൻമാരുടെ മൂന്നാമത്തെ ജൻമമായിരുന്നു അത്. രാജസൂയം ഭംഗിയായി അവസാനിച്ചു. ദുര്യോധനനൊഴികെ ഏവരും ആഹ്ലാദചിത്തരായി.

യുധിഷ്ഠിരന്റെയും ശിശുപാലന്റെയും മോക്ഷകഥ പഠിക്കുന്നവർക്ക് പാപവിമോചനം ലഭിക്കുന്നു.